## 369

പരമദേവാ! നിന്നാത്മകൃപ ചൊരിയേണമിസ്സഭയിൽ
തിരുനാമം വിളങ്ങിടാൻ

1 നിന്നരുളനുസരിച്ചിന്നരർ നടപ്പതി-
ന്നരുൾക നിന്നാശിഷം നീ-

2 വിശ്വാസ ജീവിതത്തിന്നാശ്വാസം തെരിയാത്ത
സംശയക്കാർ നിന്നോടടുപ്പാൻ-

3 ലോകമോഹങ്ങളാത്മ ദേഹത്തെ ക്ഷയിപ്പിക്കും
കാലമിതിൽ നിൻ കാരുണ്യത്താൽ-

4 ദുർഘടയുഗമിതിലുക്കമായ് നിലനിന്നു
ഭക്തിയെന്നും ഞാനഭ്യസിപ്പാൻ-

5 സത്യസുവിശേഷത്തിൻ നിത്യസമാധാനമായ്
ഭക്തരിൽ നീ പ്രത്യക്ഷനല്ലോ-

**K.V.S.**